71

# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

01 NOVEMBER 2024




## വ്യവസായ മേഖലയുടെ പുതിയമുഖം

# ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്: ലോഗോ പ്രകാശനം ചെയ്തു

വ്യവസായ മേഖലയുടെ സുസ്ഥിര വളർച്ചയ്ക്കായുള്ള കേരളത്തിന്റെ കാഴ്ചപ്പാടു മുന്നോട്ടുവയ്ക്കുന്ന ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025ന്റെ ലോഗോ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പ്രകാശനം ചെയ്തു. 2024 ഒക്ടോബർ 23 ന് ബഹു. മുഖ്യമന്ത്രിയുടെ ചേംബറിൽ സംഘടിപ്പിച്ച ചടങ്ങിൽ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി.രാജീവ് സംബന്ധിച്ചു.

വ്യവസായ വാണിജ്യ വകുപ്പ് സംഘടിപ്പിക്കുന്ന ഗ്ലോബൽ സമ്മിറ്റ് 2025 ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചി ലുലു ഗ്രാൻഡ് ഹയാത്ത് ബോൾഗാട്ടി ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിലാണ് സംഘടിപ്പിക്കുന്നത്. ആഗോള നിക്ഷേപകരെയും വ്യവസായ പ്രമുഖരെയും നയരൂപീകരണ വിദഗ്ധരെയും ഒരു പ്ലാറ്റ്ഫോമിൽ കൊണ്ടുവരുന്നതായിരിക്കും സമ്മേളനം. 'ഉത്തരവാദിത്ത നിക്ഷേപം, ഉത്തരവാദിത്ത വ്യവസായം' എന്ന പ്രമേയത്തിൽ നടക്കുന്ന ഗ്ലോബൽ സമ്മിറ്റ് മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമെന്ന കേരളത്തിന്റെ സ്ഥാനം ദൃഢമാക്കും. നിക്ഷേപകർക്ക് പുതിയ സഹകരണങ്ങൾക്കും പങ്കാളിത്തങ്ങൾക്കുമുള്ള അവസരങ്ങൾ നൽകുന്ന




സമ്മിറ്റ് കേരളത്തിന്റെ ഭാവി വ്യവസായ വളർച്ചയ്ക്ക് ഊർജ്ജമേകും. ചർച്ചകൾ, നെറ്റ് വർക്കിംഗ് അവസരങ്ങൾ, സെക്ടറുകൾ കേന്ദ്രീകരിച്ചുള്ള അവതരണങ്ങൾ എന്നിവ സമ്മിറ്റിൽ നടക്കും.

ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസിൽ രാജ്യത്തുതന്നെ ഒന്നാമതുള്ള സംസ്ഥാനമാണ് കേരളം. പല ലോകോത്തര കമ്പനികളുടെയും നിക്ഷേപകേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്ന ഘട്ടത്തിലാണ് നിക്ഷേപക സംഗമം നടക്കുന്നത്. ഇതിനായി മികച്ച മുന്നൊരുക്കങ്ങൾ സംസ്ഥാനം നടത്തുന്നുണ്ട്. ചെന്നൈ, ബംഗളൂരു, മുംബൈ, ന്യൂഡൽഹി എന്നീ നഗരങ്ങളിൽ സംരംഭകരുമായി റോഡ് ഷോകൾ സംഘടിപ്പിക്കുന്നുണ്ട്. വിവിധ വിദേശ രാജ്യങ്ങളിലും കേരളം റോഡ് ഷോകൾ സംഘടിപ്പിക്കും. രാജ്യത്തെ ആദ്യ ഇന്റർനാഷണൽ ജെൻ എ.ഐ. കോൺക്ലേവ്, കേരളത്തിലെ ആദ്യ ഇന്റർനാഷണൽ റോബോട്ടിക്സ് റൗണ്ട് ടേബിൾ കോൺക്ലേവ്, മാരിടൈം ആന്റ് ലോജിസ്റ്റിക്സ് റൗണ്ട് ടേബിൾ, ഫുഡ് ടെക് കോൺക്ലേവ്, ഇന്റർനാഷണൽ ബയോടെക്നോളജി ആന്റ് ലൈഫ് സയൻസ് കോൺക്ലേവ് എന്നിവ ഇതിനകം പൂർത്തിയാക്കി. 12 സെക്ടറൽ കോൺക്ലേവുകളിൽ അവശേഷിക്കുന്നവയും ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിന് മുമ്പായി സംഘടിപ്പിക്കും.

ചീഫ് സെക്രട്ടറി ശ്രീമതി ശാരദ മുരളീധരൻ ഐ.എ.എസ്., വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി.എം മുഹമ്മദ് ഹനീഷ് ഐ.എ.എസ്., കെ.എസ്.ഐ.ഡി.സി മാനേജിംഗ് ഡയറക്ടർ ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്, വ്യവസായ വാണിജ്യ ഡയറക്ടർ ശ്രീ. കെ. ഗോപാലകൃഷ്ണൻ ഐ.എ.എസ്., കെ.എസ്.ഐ.ഡി.സി എക്സിക്യൂട്ടിവ് ഡയറക്ടർ ശ്രീ. ആർ. ഹരികൃഷ്ണൻ എന്നിവർ ലോഗോ പ്രകാശന ചടങ്ങിൽ പങ്കെടുത്തു.

## ഇൻഫോപാർക്കിൽ പുതു നിക്ഷേപ പരമ്പര

# ലോകോത്തര ടെക് കമ്പനിയായ HCLTech കേരളത്തിൽ

ലോകപ്രശസ്ത കമ്പനിയായ HCLTech കേരളത്തിൽ അവരുടെ ആദ്യ യൂണിറ്റ് ആരംഭിച്ചു. 2024 ഒക്ടോബർ 28 ന് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവാണ് കൊച്ചി ഇൻഫോപാർക്കിൽ യൂണിറ്റ് ഉദ്ഘാടനം നിർവഹിച്ചത്. 60ലധികം രാജ്യങ്ങളിലായി 2,18,000 ജീവനക്കാരുള്ള കമ്പനി കേരളം മുന്നോട്ടുവെക്കുന്ന നൂതന വ്യവസായ മേഖലകളിലെല്ലാം സഹായം ലഭ്യമാക്കാൻ സാധിക്കുന്ന യൂണിറ്റാണെന്നത് സംസ്ഥാനത്തിന് ഗുണകരമായ കാര്യമാണ്. ലോകത്തിലെ തന്നെ പ്രമുഖ ഓട്ടോമൊബൈൽ, സെമികണ്ടക്ടർ, മെഡിക്കൽ മേഖലയിലെ കമ്പനികൾക്കും മറ്റ് വ്യവസായങ്ങൾക്കും ആവശ്യമായ എഞ്ചിനീയറിങ്ങ് സഹായങ്ങളും R&D



സഹായങ്ങളും ഇവിടെ നിന്ന് ലഭ്യമാക്കും.

കൊച്ചിയിലേക്കുള്ള HCLTech ന്റെ കടന്നുവരവ് ടെക്നോളജി രംഗത്ത് കേരളത്തിന്റെ സാധ്യതകൾ ഒന്നുകൂടി അടിവരയിടുകയാണ്. കേരളത്തിൽ ലഭ്യമായിട്ടുള്ള മികച്ച മാനവവിഭവവും പശ്ചാത്തലസൗകര്യവും കൂടുതൽ ലോകോത്തര കമ്പനികളുടെ ശ്രദ്ധയാകർഷിക്കുകയാണ്.

പുതിയ നിക്ഷേപങ്ങളും നിലവിലുള്ള കമ്പനികളുടെ വിപുലീകരണവുമായി വരും ദിവസങ്ങളിൽ ഇൻഫോപാർക്കിൽ ഒട്ടേറെ ഉദ്ഘാടനങ്ങൾക്കാണ് വേദിയാവുക. ഐബിഎം, ട്രാഡാ, ബേക്കർ ടില്ലി, എൻഒവി, ടിഎൻപി, എച്ച്സിഎഎൽ എന്നിങ്ങനെ ഇൻഫോപാർക്കിലേക്ക് കുടുതൽ നിക്ഷേപവുമായെത്തുന്ന വിദേശ കമ്പനികൾ നിരവധിയാണ്. 2000 പേർക്കെങ്കിലും തൊഴിലവസരം സൃഷ്ടിക്കുന്നതാണ് പുതിയ നിക്ഷേപങ്ങളെല്ലാം.

# പുത്തനുണർവിൽ അനന്തപുരം വ്യവസായ പാർക്ക്

## 7 സ്ഥാപനങ്ങളുടെ ഉദ്ഘാടനം

## ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നിർവഹിച്ചു

കാസർഗോഡ് അനന്തപുരം വ്യവസായ പാർക്കിൽ പുതുതായി ആരംഭിച്ച 7 വ്യവസായ സ്ഥാപനങ്ങളുടെ ഉദ്ഘാടനവും 6 സ്ഥാപനങ്ങളുടെ ശിലാസ്ഥാപനവും ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നിർവഹിച്ചു. 'മാനുഫാക്ചറിങ്ങ് വ്യവസായങ്ങളുടെ ശ്രദ്ധാകേന്ദ്രമായി കാസർഗോഡ് മാറിക്കൊണ്ടിരിക്കുകയാണ്. ഇതര സംസ്ഥാന സംരംഭകർക്ക് കേരളത്തിലേക്ക് ആകർഷിക്കപ്പെടുന്ന ഘട്ടത്തിൽ കൂടുതൽ സർക്കാർ ഭൂമിയുള്ള കാസർകോഡിനും ഇത് വലിയ അവസരമാണ് ഒരുക്കുന്നത്. കാസർഗോഡ് നിക്ഷേപം നടത്താൻ താൽപര്യപ്പെട്ട് വരുന്ന സംരംഭകരുടെ എണ്ണം കൂടി വരുന്നുണ്ട്. സംരംഭകരെയും നിക്ഷേപകരെയും ആകർഷിക്കുന്നതിന് ജില്ലാ പഞ്ചായത്തും ജില്ലാ വ്യവസായ കേന്ദ്രവും ചേർന്ന് നടത്തിയ റൈസിങ് കാസർഗോഡും വലിയ മാതൃകയാണെന്ന് ബഹു. മന്ത്രി ചൂണ്ടിക്കാട്ടി.



2024 ഒക്ടോബർ 29 ന് സംഘടിപ്പിച്ച ചടങ്ങിൽ ബഹു. മഞ്ചേശ്വരം എം.എൽ.എ ശ്രീ. എ.കെ.എം അഷ്റഫ് അധ്യക്ഷത വഹിച്ചു. വ്യവസായ വാണിജ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്. മുഖ്യ പ്രഭാഷണം നടത്തിയ ചടങ്ങിൽ കാസർഗോഡ് ജില്ലാ കലക്ടർ ശ്രീ. കെ. ഇമ്പശേഖർ ഐ. എ.എസ്. മുഖ്യാതിഥിയായിരുന്നു. വ്യവസായ വാണിജ്യ അഡീഷണൽ ഡയറക്ടർ ശ്രീ. രാജീവ് ജി.; ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീ. സജിത് കുമാർ കെ. എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

## കേരളത്തിൽ ഉയരുന്നത് 30 സ്വകാര്യ വ്യവസായ പാർക്കുകൾ

സംസ്ഥാനത്ത് വ്യവസായ ആവശ്യങ്ങൾക്കുള്ള ഭൂമി ലഭ്യതയുടെ ദൗർലഭ്യം നേരിടാനുള്ള നടപടികളുടെ ഭാഗമായി 30 സ്വകാര്യ വ്യവസായ പാർക്കുകളുടെ നിർമ്മാണം കേരളത്തിൽ ആരംഭിച്ചു. ഇതിൽ അഞ്ചോളം സ്വകാര്യവ്യവസായ പാർക്കുകൾ ഇതിനോടകം പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. പാർക്കുകളുടെ നിർമ്മാണം പൂർത്തിയാകുന്നതോടെ ചെറുതും വലുതുമായ നിരവധി നിക്ഷേപങ്ങൾ ഈ പാർക്കുകളിലേക്ക് കടന്നുവരുന്നതിന് സഹായകമാകും.

14 ജില്ലകളിലും സ്വകാര്യവ്യവസായ പാർക്കുകളുടെ പ്രവർത്തനം വളരെ വേഗത്തിൽ ആരംഭിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീം 2022 പദ്ധതിക്ക് കീഴിൽ സ്വകാര്യ വ്യവസായ പാർക്ക് സ്ഥാപിക്കാനുള്ള അനുമതി ലഭ്യമായാൽ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ഡെവലപ്പർക്ക് സർക്കാർ സഹായം ലഭിക്കും.

**നമ്മൾ തന്നെ മാതൃക**

## പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് പഠിക്കുന്നതിനായി മിസോറാമിൽ നിന്നും എം. എൽ. എ.മാർ

ആരോഗ്യ മേഖലയിലും വിദ്യാഭ്യാസ മേഖലയിലും ഉൾപ്പെടെ വിവിധ തലങ്ങളിൽ കേരള മോഡൽ സൃഷ്ടിച്ച സംസ്ഥാനം വ്യവസായ മേഖലയിലും മാതൃക തീർക്കുകയാണ്. ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസിൽ രാജ്യത്തുതന്നെ ഒന്നാമതെത്തിയതിനു പിന്നാലെ കേരളത്തിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് പഠിക്കുന്നതിനായി മിസോറാമിൽ നിന്നും എം.എൽ.എ മാരുടെ സംഘം കേരളത്തിലെത്തി. വ്യവസായത്തിലും കേരള മോഡൽ അനുകരണീയമാണെന്ന സന്ദേശമാണ് ഇത്തരം സന്ദർശനങ്ങളിലൂടെ പങ്കുവക്കപ്പെടുന്നത്.

കേരളത്തിൽ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ മികച്ച മുന്നേറ്റം കാഴ്ചവെക്കുന്നതിൽ സംഘം അഭിനന്ദനം രേഖപ്പെടുത്തി. ഇത്തരം നേട്ടങ്ങൾ സാധ്യമാകുന്നത് എങ്ങനെയെന്ന് പഠിച്ച് മിസോറാമിൽ പ്രാവർത്തികമാക്കണമെന്ന ഉദ്ദേശ്യത്തോടെയാണ് എം.എൽ.എമാർ കേരളത്തിൽ എത്തിയത്. സന്ദർശനത്തിന്റെ ഭാഗമായി ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി





ശ്രീ. പി. രാജീവിനെയും സംഘം സന്ദർശിച്ചു ആശയവിനിമയം നടത്തിയിരുന്നു. 2024 ഒക്ടോബർ 23 ന് കേരളത്തിൽ എത്തിയ മിസോറാം എം.എൽ.എമാർ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ സന്ദർശിച്ച് വിവരങ്ങൾ ശേഖരിച്ചു മടങ്ങി.

## സംരംഭക വർഷത്തിൽ സംരംഭകരായത് 1 ലക്ഷം വനിതകൾ

രാജ്യത്തിന്റെ ചരിത്രത്തിൽ തന്നെ മുൻകാല അനുഭവം ചൂണ്ടിക്കാണിക്കാനില്ലാത്ത ഒരു നേട്ടമാണ് സംരംഭക വർഷം പദ്ധതിയിലൂടെ കേരളം സ്വന്തമാക്കിയിരിക്കുന്നത്. വ്യവസായ വകുപ്പ് ആരംഭിച്ച സംരംഭക വർഷം പദ്ധതി കാലയളവിൽ മാത്രം ഒരു ലക്ഷം വനിതകളാണ് സംരംഭകരായത്.

ഇന്ത്യയിൽ തന്നെ എം. എസ്. എം. ഇ. മേഖലയിലെ ബെസ്റ്റ് പ്രാക്റ്റീസായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പദ്ധതിയാണ് കേരളത്തിന്റെ സംരംഭകവർഷം. ഈ പദ്ധതിയിലൂടെ സൃഷ്ടിക്കപ്പെട്ട 3,15,586 സംരംഭങ്ങളിൽ 1,01,048 സംരംഭങ്ങളും വനിതകളാണ് ആരംഭിച്ചിരിക്കുന്നത്. പദ്ധതിയുടെ 32% സംരംഭങ്ങളാണിത്. ഇതിലൂടെ 4,115.65 കോടി രൂപയുടെ നിക്ഷേപവും 2 ലക്ഷത്തോളം തൊഴിലും കേരളത്തിലുണ്ടായിട്ടുണ്ട്. ഈ സംരംഭകരുടെ കൂടി പിന്തുണയോടെയാണ് കേരളം ഇത്തവണ ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസിൽ രാജ്യത്തു തന്നെ ഒന്നാമത് തലയുയർത്തി നിൽക്കുന്നത്.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.